**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **26-07-2021 - ൽ മറുപടിയ്ക്ക്**

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപറേഷൻ ഗവേണിങ്ങ് ബോഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപറേഷൻ ഗവേണിങ്ങ് ബോഡിയിൽ നിലവിൽ ആരൊക്കെയാണ് അംഗങ്ങളെന്ന് അറിയിക്കാമോ; | (എ) | ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപറേഷന്റെ (ബി.ആർ.ഡി.സി) ഉന്നതാധികാര സമിതി നിലവിൽ ചീഫ് സെക്രട്ടറി ചെയർമാൻ സ്ഥാനം വഹിക്കുന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആണ്. നിലവിലെ ബോർഡ് അംഗങ്ങൾ താഴെ പറയുന്നവരാണ്. 1)ചീഫ് സെക്രട്ടറി -ഡയറക്ടർ & ചെയർമാൻ 2) സെക്രട്ടറി, ടൂറിസം വകുപ്പ്-ഡയറക്ടർ 3)ഡയറക്ടർ, ടൂറിസം വകുപ്പ് - ഡയറക്ടർ 4)ജില്ലാ കളക്ടർ, കാസർഗോഡ് -ഡയറക്ടർ 5) മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.സി- ഡയറക്ടർ 6) ധനകാര്യ വകുപ്പ് പ്രതിനിധി - ഡയറക്ടർ 7)മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡിസി. - ഡയറക്ടർ |
| (ബി) | പ്രസ്തുത ഗവേണിങ്ങ് ബോഡിയിൽ ജനപ്രതിനിധികൾ ആരെങ്കിലുമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല. |
| (സി) | പ്രാദേശികമായ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പദ്ധതിയുടെ ഉന്നമനത്തിന് നിർദ്ദേശം നൽകുന്നതിനും പദ്ധതിപ്രദേശം ഉൾക്കൊള്ളുന്ന ജനപ്രതിനിധികളെ കൂടി ഗവേണിങ്ങ് ബോഡിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ